ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16-04-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നയരൂപീകരണത്തിൽ വനിതകൾക്ക് അർഹമായ പ്രാതിനിധ്യം നൽകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; വനിതാ സംവരണ ബില്ലിൽ സമവായം വേണമെന്നും
പ്രധാനമന്ത്രി; എതിർത്ത് പ്രതിപക്ഷം.
Prime Minister Narendra Modi says it is the need of the hour to give due representation to women in policymaking; PM wants consensus on Women's Reservation Bill; Opposition parties to vote against the bill.
2. യുദ്ധ സാഹചര്യങ്ങൾക്കിടയിൽ ആഗോള സാമ്പത്തിക വളർച്ച മന്ദഗതിയിലാകുമ്പോഴും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമായി നിലകൊള്ളുന്നതായി അന്താരാഷ്ട്ര നാണയ നിധി.
The International Monetary Fund says that the Indian economy is standing strong even as global economic growth slows down amid west Asian conflict.
3. പ്രധാനമന്ത്രി നരേന്ദ്ര മോദി ഓസ്ട്രിയൻ ചാൻസലർ ക്രിസ്റ്റ്യൻ സ്റ്റോക്കറുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച
നടത്തി. ഭക്ഷ്യസുരക്ഷയും പ്രതിരോധ സഹകരണവും ചർച്ചയായി.
Prime Minister Narendra Modi met Austrian Chancellor Christian Stocker in New Delhi, with talks focusing on food security and defence cooperation.

4. സമാധാനപരമായ ആവശ്യങ്ങൾക്കുള്ള ആണവ സമ്പുഷ്ടീകരണ അവകാശത്തിൽ വിട്ടുവീഴ്ച ചെയ്യില്ലെന്ന് ഇറാൻ.
Iran says it will not compromise on its right to nuclear enrichment for peaceful purposes.

5. കേരളത്തിൽ ഈ മാസം 19 വരെ കടുത്ത ചൂട് തുടരും; അൾട്രാവയലറ്റ് സൂചിക ഉയർന്നു നിൽക്കുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.
Extreme heat will continue in Kerala till the 19th of this month; Central Meteorological Department asks people to be alert as the ultraviolet index is high.

6. ഐ.പി.എൽ ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസ് -പഞ്ചാബ് കിംഗ്സ് പോരാട്ടം.
Mumbai Indians-Punjab Kings clash in IPL cricket.

****************

**PM womens reservation (INTRO)**

വനിതാ സംവരണ ഭേദഗതി ബിൽ ലോക്സഭയിൽ അവതരിപ്പിച്ചത് ചരിത്രനിമിഷമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാഷ്ട്ര വികസനത്തിൽ നാരീശക്തി നിർണായക പങ്ക് വഹിക്കുന്നുണ്ടെന്നും നയരൂപീകരണത്തിൽ വനിതകൾക്ക് അർഹമായ പ്രാതിനിധ്യം നൽകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും പ്രധാനമന്ത്രി പറഞ്ഞു . സ്ത്രീകൾക്ക് ഭരണത്തിന്റെ ഭാഗമാകാനുള്ള വലിയ അവസരമാണിതെന്നും അദ്ദേഹം ലോക്സഭയിൽ വ്യക്തമാക്കി. ഈ നിയമ നിർമ്മാണത്തിന് രാഷ്ട്രീയ നിറം നൽകരുതെന്ന് പ്രധാനമന്ത്രി പ്രതിപക്ഷ പാർട്ടികളോട് അഭ്യർത്ഥിച്ചു.

ഒരു റിപ്പോർട്ട്.

(വോയിസ്)

*ലോക്സഭയിൽ സംസ്ഥാനങ്ങളുടെ സീറ്റ് അനുപാതം അതേ പടി തുടരുമെന്ന് പ്രധാനമന്ത്രി ഉറപ്പുനൽകി. ഒരു സംസ്ഥാനത്തോടും പക്ഷപാതം കാണിക്കില്ല. ഒരു അനീതിയും ഉണ്ടാകില്ലെന്നും അദ്ദേഹം പറഞ്ഞു.*

*(ബൈറ്റ്)*

*വിവിധ കാരണങ്ങളാൽ വൈകിപ്പോയ വനിതാ സംവരണ ബിൽ നടപ്പിലാക്കേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നും ഇതിനെ എതിർക്കുന്നവരോട് രാജ്യത്തെ വനിതകൾ ക്ഷമിക്കില്ലെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. രാജ്യത്തെ ജനസംഖ്യയിൽ പകുതി വരുന്ന വനിതകളെ ഉൾപ്പെടുത്തിയുള്ള ഈ സുപ്രധാന രാഷ്ട്രനിർമാണ പ്രക്രിയയിൽ പങ്കാളികളാകാൻ കഴിഞ്ഞത് ഭാഗ്യമായി കരുതാൻ അദ്ദേഹം ലോക്സഭാംഗങ്ങളെ ആഹ്വാനം ചെയ്തു.*
*ന്യൂസ് ഡെസ്ക് ആകാശവാണി.*

****************

## WOMENS RESERVATION BILL

കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്‌വാൾ ലോക്‌സഭയിൽ ഭരണഘടനയുടെ നൂറ്റിമുപ്പത്തിയൊന്നാം ഭേദഗതി ബില്ലും മണ്ഡല പുനർനിർണ്ണയ ബില്ലും അവതരിപ്പിച്ചു. കേന്ദ്രഭരണ പ്രദേശ നിയമ ഭേദഗതി ബിൽ ആഭ്യന്തരമന്ത്രി അമിത് ഷായാണ് സഭയിൽ അവതരിപ്പിച്ചത്.

****************

## BILL OPPOSITION

ബില്ലുകളെക്കുറിച്ചുള്ള ചർച്ച തുടങ്ങി വച്ച കോൺഗ്രസ് എംപി ഗൗരവ് ഗൊഗോയ്, കോൺഗ്രസ് വനിതാ സംവരണത്തെ അനുകൂലിക്കുന്നുവെന്നും മണ്ഡല പുനർനിർണയവുമായി ഇതിനെ ബന്ധിപ്പിക്കരുതെന്നും ആവശ്യപ്പെട്ടു. പുതിയ ഭേദഗതികൾ രാജ്യത്തിന്റെ ഫെഡറൽ ഘടനയെ തകർക്കുമെന്ന് കോൺഗ്രസ് എംപി കെ.സി. വേണുഗോപാൽ ആരോപിച്ചു. തിടുക്കത്തിൽ ബില്ലുകൾ കൊണ്ടുവരേണ്ടതിന്റെ ആവശ്യകതയെന്താണെന്ന് ചോദിച്ച സമാജ്‌വാദി പാർട്ടി എംപി അഖിലേഷ് യാദവ് സെൻസസ് പൂർത്തിയായ ശേഷം മണ്ഡല പുനഃനിർണ്ണയം നടത്തിയാൽ മതിയെന്ന് വാദിച്ചു. മൂന്നു ഭേദഗതികളെയും എതിർത്ത് വോട്ട് ചെയ്യുമെന്ന് പ്രതിപക്ഷം വ്യക്തമാക്കി.

****************

## RS - OATH

ഇന്ന് രാജ്യസഭയിൽ, പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് ഉപരാഷ്ട്രപതിയും രാജ്യസഭാ ചെയർമാനുമായ സി.പി രാധാകൃഷ്ണൻ സത്യവാചകം ചൊല്ലിക്കൊടുത്തു. ബി.ജെ.പി, ജെഡി (യു), രാഷ്ട്രീയ ലോക് മോർച്ച, കോൺഗ്രസ്, യുപിപി (എൽ) എന്നീ കക്ഷികളിൽപ്പെട്ട അംഗങ്ങളാണ് സത്യപ്രതിജ്ഞ ചെയ്തത്. മുതിർന്ന കോൺഗ്രസ് നേതാവും കേന്ദ്ര മന്ത്രിയുമായിരുന്ന മൊഹ്സിന കിദ്വായിയുടെയും പ്രശസ്ത പിന്നണി ഗായിക ആശ ഭോസ്ലെയുടെയും നിര്യാണത്തിൽ സഭ അനുശോചനം രേഖപ്പെടുത്തി.

****************

## Bill-Rijuju

മണ്ഡല പുനർനിർണ്ണയത്തിന് ശേഷവും വിവിധ സംസ്ഥാനങ്ങളുടെ ലോക്സഭയിലെ പ്രാതിനിധ്യാനുപാതത്തിൽ മാറ്റം വരില്ലെന്ന് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. രാജ്യത്തെ ജനസംഖ്യ 140 കോടി കടന്ന സാഹചര്യത്തിൽ സീറ്റുകളുടെ വർദ്ധന അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. പുതിയ കണക്കുകൾ പ്രകാരം കേരളത്തിലെ ലോക്സഭാ സീറ്റുകൾ നിലവിലെ 20-ൽ നിന്ന് 30 ആയി ഉയരും. തമിഴ്നാടിന് 59 സീറ്റുകളും , കർണ്ണാടകയ്ക്ക് 42 സീറ്റുകളും ലഭിക്കും. ആന്ധ്രാപ്രദേശിന് 38 സീറ്റുകളും തെലങ്കാനയ്ക്ക് 26 സീറ്റുകളും ഉണ്ടാകും. അഞ്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെയും ആകെ ലോക്സഭാ വിഹിതം 24 ശതമാനമായി തുടരും.

****************

## IMF CHIEF-INDIA

യുദ്ധ സാഹചര്യങ്ങൾക്കിടയിൽ ആഗോള സാമ്പത്തിക വളർച്ച മന്ദഗതിയിലാകുമ്പോഴും ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ ശക്തമായി നിലകൊള്ളുന്നതായി അന്താരാഷ്ട്ര നാണയ നിധി മേധാവി ക്രിസ്റ്റലീന ജോർജിയേവ. ഐഎംഎഫ് വസന്തകാല യോഗങ്ങളോടനുബന്ധിച്ചു നടന്ന വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അവർ. രാജ്യത്തിന്റെ ശക്തമായ സാമ്പത്തിക അടിത്തറ മിക്ക സമ്പദ്‌വ്യവസ്ഥകളെക്കാളും മികച്ച പ്രകടനം കാഴ്ചവെക്കാൻ ഇന്ത്യയെ സഹായിക്കുന്നുണ്ടെന്നും ഇന്ത്യയുടെ വളർച്ചാ നിരക്ക്

ശരാശരി ആഗോള വളർച്ചയുടെ ഇരട്ടിയിലധികമാണെന്നും അവർ വ്യക്തമാക്കി.

****************

**PRESIDENT SEVAGRAM**

ദേശീയ വിദ്യാഭ്യാസ നയം ഉൾപ്പെടെയുള്ള നിരവധി ഉദ്യമങ്ങളുടെ കരുത്തിൽ നമ്മുടെ രാജ്യം ശരിയായ ദിശയിൽ മുന്നേറുകയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. മഹാരാഷ്ട്രയിലെ വാർധയിലുള്ള മഹാത്മാഗാന്ധി അന്താരാഷ്ട്ര ഹിന്ദി സർവ്വകലാശാലയുടെ ആറാമത് ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. ചടങ്ങിന് മുന്നോടിയായി രാവിലെ വാർധയിലെ സേവാഗ്രാം ആശ്രമവും രാഷ്ട്രപതി സന്ദർശിച്ചു.

****************

**REV PM AUSTRIA**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഓസ്ട്രിയൻ ചാൻസലർ ഡോ. ക്രിസ്റ്റ്യൻ സ്റ്റോക്കറുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. കൂടിക്കാഴ്ചയ്ക്കിടെ ഭക്ഷ്യസുരക്ഷ, പ്രതിരോധ സഹകരണം, ഭീകര വിരുദ്ധ പ്രവർത്തനം എന്നീ മേഖലകളിലുൾപ്പെടെ നിരവധി കരാറുകളും രേഖകളും ഇരു രാജ്യങ്ങളും കൈമാറി. അടിസ്ഥാന സൗകര്യ വികസനം, നൂതനാശയം, സുസ്ഥിരത എന്നീ മേഖലകളിൽ ഇന്ത്യയും ഓസ്ട്രിയയും വിശ്വസ്ത പങ്കാളികളാണെന്ന് തുടർന്ന് നടന്ന സംയുക്ത വാർത്താ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

****************

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 26-ന്. പരിപാടിയുടെ 133-ാം പതിപ്പാണിത്.

****************

**IRAN-NUCLEAR**

ആണവ സമ്പുഷ്ടീകരണ അവകാശത്തിൽ വിട്ടുവീഴ്ച ചെയ്യില്ലെന്ന് ഇറാൻ വിദേശകാര്യ മന്ത്രാലയ വക്താവ് എസ്മയിൽ ബഖായി. ആണവോർജ്ജത്തിനുള്ള അവകാശം, അന്താരാഷ്ട്ര നിയമത്തിലും

ആണവ നിർവ്യാപന ഉടമ്പടിയിൽ ഉൾപ്പെടെ ഉറപ്പാക്കുന്നതായും അദ്ദേഹം വ്യക്തമാക്കി. സമാധാനപരമായ സമ്പുഷ്ടീകരണത്തിനുള്ള അവകാശം ഏതെങ്കിലും ബാഹ്യശക്തി നൽകുന്ന ഔദാര്യമോ ഇളവോ അല്ലെന്നും എസ്സയിൽ ബഖായി പറഞ്ഞു. ഇറാൻ മുന്നോട്ടുവച്ച വ്യവസ്ഥകൾക്ക് പരിഹാരമാകാതെയുള്ള ചർച്ചകൾ അംഗീകരിക്കുന്നില്ലെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് പറഞ്ഞു.

****************

## IEA-WEST ASIA CONFLICT

യൂറോപ്യൻ രാജ്യങ്ങൾക്ക് ആവശ്യമായ ആറ് ആഴ്ചത്തെ വിമാന ഇന്ധനം മാത്രമേ ശേഷിക്കുന്നുള്ളൂവെന്നും പശ്ചിമേഷ്യൻ സംഘർഷം തുടർന്നാൽ വിമാനങ്ങൾ റദ്ദാക്കേണ്ടിവരുമെന്നും അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസി മേധാവി ഫാത്തിഹ് ബിറോൾ. ഹോർമുസ് കടലിടുക്ക് വഴിയുള്ള എണ്ണ, പാചകവാതക

വിതരണത്തിലെ തടസ്സങ്ങൾ ലോകം ഇതുവരെ നേരിട്ടിട്ടില്ലാത്ത ഊർജ്ജ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

****************

## Heat (INTRO)

സംസ്ഥാനത്ത് കടുത്ത ചൂട് തുടരുകയാണ്. 12 ജില്ലകളിലും കേന്ദ്ര കാലാവസ്ഥ വകുപ്പ് ഉയർന്ന താപനില മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.
(VOICE)

*പാലക്കാട് 40 ഡിഗ്രി സെൽഷ്യസ് വരെ ചൂട് കൂടാൻ സാധ്യതയുണ്ടെന്നാണ് കാലാവസ്ഥാ വിഭാഗത്തിന്റെ മുന്നറിയിപ്പ്. 19-ാം തിയ്യതി വരെ കൊല്ലം ജില്ലയിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും കോട്ടയം ജില്ലയിൽ 38 ഡിഗ്രി സെൽഷ്യസ് വരെയും, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളി 37 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ*

*സാധ്യതയുണ്ട്. അൾട്രാവയലറ്റ് ഊചിക ഉയർന്നു നിൽക്കുന്നത് ത്വക്ക് രോഗങ്ങൾക്കും നേത്രരോഗങ്ങൾക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമായേക്കാം. 2. പകൽ 10 മണി മുതൽ 3 മണി വരെയുള്ള സമയങ്ങളിലാണ് ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തപ്പെടുന്നത്. അതിനാൽ ആ സമയങ്ങളിൽ കൂടുതൽ*

*നേരം ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് പരമാവധി ഒഴിവാക്കേണ്ടതാണ്.*

*ന്യൂസ് സെസ്സ് ആകാശവാണി.*

****************

## V. SIVANKUTTY

സംസ്ഥാനത്തെ സ്കൂളുകളിൽ വേനലവധി കാലത്ത് പ്രത്യേക ക്ലാസുകൾ നടത്തുന്നതിനെതിരെ മുന്നറിയിപ്പുമായി വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. കുട്ടികളുടെ അവധിക്കാലം തടസ്സപ്പെടുത്താൻ ആർക്കും അവകാശമില്ലെന്ന് മന്ത്രി പറഞ്ഞു.

****************

## Dengue fever –Kozhikode

കോഴിക്കോട് ജില്ലയിൽ ഡെങ്കിപ്പനി ബാധിതരുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ കൊതുകിൻറെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ. ഇടവിട്ടുള്ള വേനൽ മഴ, കൊതുക് പെരുകുന്നതിനുള്ള സാഹചര്യമൊരുക്കും. ആഴ്ചയിൽ ഒരിക്കൽ വീടുകളിൽ കൊതുകിൻറെ ഉറവിട നശീകരണം നടത്തിയാൽ മാത്രമേ ഡെങ്കിപ്പനി പ്രതിരോധം സാധ്യമാകൂവെന്നും ഡി.എം.ഒ അറിയിച്ചു.

****************

## IPL

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് മുംബൈ ഇന്ത്യൻസ് പഞ്ചാബ് കിംഗ്സിനെ നേരിടുന്നു. മുംബൈ വാങ്കഡെ സ്റ്റേഡിയത്തിലാണ് മത്സരം. ടോസ് നേടിയ പഞ്ചാബ്- മുംബൈയെ ബാറ്റിങ്ങിനയച്ചു.

****************

## ISL

ഐ എസ് എൽ ഫുട്ബാളിൽ ഇപ്പോൾ ഈസ്റ്റ് ബംഗാൾ , ബംഗളുരു എഫ് സി യെ നേരിടുന്നു. കൊൽക്കത്തയിലെ സാൾട്ട് ലേയ്ക്ക് സ്റ്റേഡിയത്തിലാണ് മത്സരം. ഇരു ടീമുകളും ഗോളുകളൊന്നും നേടിയിട്ടില്ല.

****************

## NCW – TCS BPO

മഹാരാഷ്ട്രയിലെ നാസിക്കിൽ, ടാറ്റ കൺസൾട്ടൻസി സർവീസസിന്റെ ബിപിഒ യൂണിറ്റിൽ വനിതാജീവനക്കാർക്കെതിരെ നടന്ന ലൈംഗിക

പീഡന സംഭവങ്ങളിൽ സ്വമേധയാ കേസെടുത്ത് ദേശീയ വനിതാ കമ്മീഷൻ. സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്താൻ വസ്തുതാന്വേഷണ സമിതി രൂപീകരിച്ചതായി കമ്മീഷൻ അറിയിച്ചു. ബോംബെ ഹൈക്കോടതിയിൽ നിന്ന് വിരമിച്ച ജസ്റ്റിസ് സാധന ജാദവ്, ഹരിയാന മുൻ ഡിജിപി ബികെ സിൻഹ, സുപ്രീം കോടതി അഭിഭാഷക മോണിക്ക അറോറ, ദേശീയ വനിതാ കമ്മീഷൻ സീനിയർ കോർഡിനേറ്റർ ലിലാബതി എന്നിവർ സമിതിയിൽ അംഗങ്ങളാണ്.

****************

************

*******